30

# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം 2

**2017 മാർച്ച് 12**

നമ്പർ : 178

**മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നോട്ടീസ് നൽകിയ താഴെപ്പറയുന്ന പ്രമേയത്തിന് അവതരണാനുമതി നൽകി യിരിക്കുന്നു.**

"സിക്ക് യൂണിറ്റായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൊൽക്കത്തയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന മാതൃകമ്പനിയുടെ ഭാഗമായുള്ള സ്ഥാപനമാണ് കോട്ടയം ജില്ലയിലെ വെള്ളൂരിലെ 700 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.

ഈ സ്ഥാപനത്തെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് വന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്രപൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ടുപോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.